കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിക്ക് 10-12-2015-ൽ സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ വ്യോമയാന കമ്പനികൾ അനിയന്ത്രിതമായി വിമാന നിരക്ക് വർദ്ധിപ്പിക്കുന്നത് തടയുന്നതിനും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുന്നതിനും കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേയ്ക്ക് ഗൾഫ് നാടുകളിൽനിന്നും കൂടുതൽ ഷെഡ്യൂളുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡ്

166 (3676) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.സി.റോഡിൽ അങ്കമാലിയിൽനിന്ന് എയർപോർട്ടിലേക്കുള്ള ഏകമാർഗ്ഗമായ വേങ്ങൂർ - നായത്തോട് - എയർ പോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനത്തിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

തീരസേനയ്ക്ക് എയർ സ്ട്രിപ്പ്

167 (3677) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും തീരസേനയ്ക്ക് എയർ സ്ട്രിപ്പ് തുടങ്ങുന്നതിന് കേന്ദ്രത്തിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതുകൊണ്ട് സംസ്ഥാനത്തിന് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന എന്തെങ്കിലും പ്രയോജനങ്ങൾ കിട്ടാതാകുമോ ;

(സി) തീരസേനയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നാണ് കരുതുന്നത്;

(ഡി) ഇതിന്റെ ഓഫീസിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി എന്തെല്ലാം കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്; ഇതിന്റെ ഒരുക്കങ്ങൾ എപ്രകാരമാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വളരെയധികം ഭൂമി ആവശ്യമായതിനാൽ, തീരസേനയ്ക്ക് സ്വന്തമായി എയർ സ്ട്രിപ്പ് തുടങ്ങാൻ പദ്ധതിയില്ല. പകരം നിലവിലെ എല്ലാ വിമാനത്താവളങ്ങളുടെയും പരിസരത്ത് 10 മുതൽ 15 ഏക്കർ വരെ വിസ്തൃതിയിൽ മൂന്നോ നാലോ എയർക്രാഫ്റ്റുകൾക്ക് നിൽക്കാൻ സൗകര്യപ്പെടുന്ന വിധത്തിൽ ഹാങ്ങറും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് 'എയർ എൻക്ലേവ്' തുടങ്ങുന്നതിന് തീരസേനയ്ക്ക് കേന്ദ്ര പ്രതിരോധ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 2002 മുതൽ പരിമിതമായ രീതിയിൽ തീരസേന വ്യോമനിരീക്ഷണം നടത്തി വരുന്നുണ്ട്. കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിലെ എയർ ഇൻക്ലേവുകൾ പൂർത്തിയാകുന്ന മുറയ്ക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്.

(ഡി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തോട് ചേർന്ന് 10.02 ഏക്കർ സ്ഥലം തീരസേനയ്ക്ക് നൽകിയിട്ടുണ്ട്. പുറമെ തിരുവനന്തപുരം വിമാനത്താവളത്തോട് ചേർന്ന് 5 ഏക്കർ സ്ഥലം തീരസേന ആവശ്യപ്പെട്ടിട്ടുണ്ട്. വിമാനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഹാങ്ങർ, അറ്റകുറ്റപ്പണികൾക്കായുള്ള ടെക്നിക്കൽ ഏര്യ, ഓഫീസ് സൗകര്യം എന്നിവയ്ക്ക് വേണ്ടിയാണ് സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളത്.

പോലീസ് കേസ്സുകളിലെ പുനരന്വേഷണം

168 (3678) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലോക്കൽ പോലീസ്, വിജിലൻസ്, ക്രൈംബ്രാഞ്ച് എന്നീ അന്വേഷണ വിഭാഗങ്ങൾ അവസാനിപ്പിച്ച എത്ര കേസ്സുകൾ പിന്നീട് മറ്റ് ഏജൻസികൾ അന്വേഷിച്ച് പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും കേസ്സ് അന്വേഷണം നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ;

(ബി) എത്ര കേസ്സുകൾ അന്വേഷണം നടത്തിയ ഏജൻസികൾ തന്നെ പുനരന്വേഷണം നടത്തി പ്രതികളെ കണ്ടെത്തിയിട്ടുണ്ട്, കേസ്, ഏജൻസി എന്നിവയുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്രയെണ്ണം ഇനിയും തെളിയിക്കപ്പെടാനുണ്ട് എന്ന് വ്യക്തമാക്കുമോ; കേസ്സുകളുടെ എണ്ണം, അന്വേഷണ ഏജൻസി എന്നിവ ജില്ല തിരിച്ച് വിശദമാക്കുമോ?